**പാർലമെന്ററി ജനാധിപത്യത്തെ താങ്ങി നിർത്തുന്ന നാല് നെടുംതൂണുകളോടൊപ്പം അഞ്ചാമതൊരു നെടുംതൂണ് കൂടി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ഫിഫ്ത്ത് എസ്റ്റേറ്റ് എന്ന പേരിൽ ഒരു പുതിയ പ്രസ്ഥാനത്തിന് തുടക്കമായിരിക്കുന്നു. അധികാര രാഷ്ട്രീയത്തിൽ പ്രവേശിക്കാതെ, രാഷ്ട്രീയ പാർട്ടിയാവാതെ, തിരുത്തൽശക്തിയും മാർഗ്ഗദർശക ശക്തിയുമായി സിവിൽ സമൂഹത്തിന്റെ പക്ഷത്ത്നിന്നുള്ള പ്രവർത്തനമാണ് ഫിഫ്ത്ത് എസ്റ്റേറ്റ് നടത്തുന്നത്. ജനാധിപത്യ വ്യവസ്ഥയിൽ നടക്കുന്ന ഈ പുതിയ ഇടപെടലിന്റെ പ്രവർത്തനരീതിയും കാഴ്ചപ്പാടും കൂടുതൽ സംവാദങ്ങൾക്കായി കേരളീയം വായനക്കാർക്ക് മുന്നിൽ വയ്ക്കുന്നു.**

(കഴിഞ്ഞലക്കം തുടർച്ച)

# ഫിഫ്ത്ത് എസ്റ്റേറ്റ്: നിലപാടുകൾ, സംഘടന

**18.** ജനിതക ശാസ്ത്രമേഖലയിൽ സമീപകാലത്തുണ്ടായ മുന്നേറ്റം ജനിതകമാറ്റം നടത്തിയ സസ്യങ്ങളേയും ജന്തുക്കളേയും പരീക്ഷണശാലയിൽ ഉൽപാദിപ്പിക്കാമെന്ന അവസ്ഥ സംജാതമാക്കിയിട്ടുണ്ട്. ജനിതകമാറ്റം വരുത്തിയ വിത്തിനങ്ങൾ ബഹുരാഷ്ട്രകമ്പനികൾ കുത്തകയാക്കിവെച്ച് കർഷകരെ ചൂഷണം ചെയ്യുകയും ജൈവവൈവിധ്യത്തെ ഇല്ലായ്മചെയ്യുകയും ചെയ്യുമെന്ന ഭീഷണിയും ഉയർന്നിട്ടുണ്ട്. പ്രകൃതിയിൽ ജനിതകമാറ്റം നിരന്തരം നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രക്രിയയാണ്. ഇങ്ങനെ നടക്കുന്ന എണ്ണമറ്റ ജനിതകമാറ്റങ്ങളിൽ നിന്ന് പ്രകൃതി തിരഞ്ഞെടുക്കുന്നത് വളരെ ചുരുക്കം ചിലതിനെ മാത്രമാണെന്നതാണ് പ്രധാനം. ശാസ്ത്രജ്ഞന്മാർ പരീക്ഷണശാലയിലെ ചുരുങ്ങിയ സമയത്തെ പരീക്ഷണനിരീക്ഷണങ്ങളിലൂടെ ഈ തിരഞ്ഞെടുപ്പ് നടത്തുമ്പോൾ അപകടസാധ്യതകൾ ഏറെയാണ്. ദീർഘകാലത്തെ പരീക്ഷണനിരീക്ഷണങ്ങളിലൂടെ മാത്രമേ ഈ അപകടസാധ്യതകൾ കണ്ടെത്താനും ഒഴിവാക്കാനും സാധിക്കൂ. എന്നാൽ ലാഭേച്ഛമാത്രം ലക്ഷ്യം വെയ്ക്കുന്ന സ്വകാര്യകമ്പനികൾ ആവശ്യമായ പരീക്ഷണ നിരീക്ഷണങ്ങൾ നടത്തി പ്രകൃതിയുടെ സ്വീകാര്യത ഉറപ്പാക്കുന്നതിന് ആവശ്യമായ മുൻകരുതലുകൾ എടുക്കാതെ ജനിതകമാറ്റം വരുത്തിയ വിത്തിനങ്ങളും മറ്റും വിപണിയിലിറക്കുകയാണ് ചെയ്യുന്നത്. ഇത്തരം ഗവേഷണമേഖലകളെ പൂർണ്ണമായും സാമൂഹ്യനിയന്ത്രണത്തിൽ കൊണ്ടുവരികയും മത്സരാധിഷ്ഠിത വിപണിയിൽനിന്ന് മാറ്റിനിർത്തുകയും ആണ് ചെയ്യേണ്ടത്. അതനുസരിച്ചുള്ള നിയമനിർമ്മാണങ്ങൾ അത്യന്താപേക്ഷിതമാണ്. മനുഷ്യസമൂഹത്തിന്റെയും ജീവജാലങ്ങളുടേയും നിലനിൽപ്പിനെതന്നെ ബാധിക്കുന്ന രീതിയിലുള്ള ദോഷകരമായ സൂക്ഷ്മജീവികളുടെ ഉല്പാദനങ്ങളും മറ്റും ഈ ഗവേഷണങ്ങൾക്കിടയിൽ സംഭവിക്കാനിടയുള്ളതുകൊണ്ട് ഈ ഗവേഷണമേഖല മൊത്തത്തിൽ തന്നെ കർശനമായ നൈതികമാനദണ്ഡങ്ങളും ചട്ടങ്ങളുംകൊണ്ട് നിയന്ത്രിക്കപ്പെടേണ്ടതുണ്ട്.

**19.** ഗോത്രകാലം മുതൽക്കേ മനുഷ്യന്റെ സാമൂഹ്യസംഘടനാരൂപങ്ങൾ ജനാധിപത്യപ്രക്രിയയിലൂടെ വികസിച്ചുവന്ന ഓരോ ഘട്ടത്തിലും ഓരോ സമൂഹ

ജനാധിപത്യ വ്യവസ്ഥയിലെ ഫിഫ്ത്ത് എസ്റ്റേറ്റിന്റെ സാധ്യതകളെക്കുറിച്ച് തുടർ സംവാദങ്ങൾ നടത്താൻ കേരളീയം താത്പര്യപ്പെടുന്നു. പ്രതികരണങ്ങൾ പ്രതീക്ഷിക്കുന്നു.

**ഫിഫ്ത്ത് എസ്റ്റേറ്റിന്റെ വിലാസം:**
www. fifth-estate.org

ത്തിന്റെയും നിലനിൽപ്പിനാവശ്യമായ നൈതികമായ മാനദണ്ഡങ്ങളും പെരുമാറ്റചട്ടങ്ങളും തീരുമാനിയ്ക്കപ്പെട്ടു പോന്നിട്ടുണ്ട്. മനുഷ്യസമൂഹം ശാശ്വതമായ നൈതികമൂല്യങ്ങൾ ഒരിക്കലും നിലനിർത്തിയിട്ടില്ല. സാമൂഹ്യ സാഹചര്യങ്ങൾ മാറുന്നതിനനുസരിച്ച് നൈതികമൂല്യങ്ങളും മാറിക്കൊണ്ടിരുന്നു. എങ്കിലും ഓരോ സമൂഹത്തിന്റെയും നിലനിൽപ്പിനും പ്രവർത്തനത്തിനും ആവശ്യമായ നൈതികമൂല്യങ്ങൾ രൂപപ്പെടുകയും പ്രവർത്തനക്ഷമമാവുകയും ചെയ്തുപോന്നിട്ടുണ്ട്. ആധുനിക ജനാധിപത്യസമൂഹങ്ങൾക്കും അവയുടെ സുഗമമായ പ്രവർത്തനത്തിന് ഉതകുന്ന നൈതികമൂല്യങ്ങളും പെരുമാറ്റചട്ടങ്ങളും കണ്ടെത്തുകയും വികസിപ്പിച്ചെടുക്കുകയും ചെയ്യേണ്ടതുണ്ട്.

### സംഘടന

**1.** സംഘടനയുടെ പേര് ഫിഫ്ത്ത് എസ്റ്റേറ്റ് എന്നായിരിക്കും.

**2.** രാഷ്ട്രീയസംഘടനകളിലോ അവയുമായി ബന്ധപ്പെട്ട നിയമവിരുദ്ധ സംഘടനകളിലോ അംഗമല്ലാത്ത, ഈ സംഘടനയുടെ അടിസ്ഥാന നിലപാടുകളോട് യോജിപ്പുള്ള, 18 വയസ്സ് തികഞ്ഞ ഏതൊരു ഇന്ത്യൻ പൗരനും സംഘടനയിൽ അംഗമാകാവുന്നതാണ്.

**3.** ഭാരവാഹികൾ ഉൾപ്പടെ മുഴുവൻ അംഗങ്ങളും സ്വന്തമായി ജീവിതോപാധികൾ ഉള്ളവരായിരിക്കണം. അവരുടെ സന്നദ്ധപ്രവർത്തനമാണ് സംഘടനയുടെ അടിസ്ഥാനം. സംഘടനയിൽ നിന്ന് പ്രവർത്തകരാരും പ്രതിഫലം പറ്റാൻ പാടില്ല.

**4.** അംഗങ്ങൾ മെമ്പർഷിപ്പ് ഫീസ് നൽകേണ്ടതില്ല. കഴിവിനനുസരിച്ച് സംഭാവനകൾ നൽകാം. കഴിയാത്തവർ നൽകേണ്ടതില്ല. അംഗങ്ങളല്ലാത്തവരിൽനിന്നും സംഭാവനകൾ സ്വീകരിക്കാം. സംഭാവനകൾ എല്ലാം ബാങ്ക് അക്കൗണ്ട് വഴി മാത്രമേ സ്വീകരിക്കാവൂ. ഓരോ സമിതിയുടേയും മുഴുവൻ വരവ്ചിലവ് കണക്കുകളും സംഘടനയുടെ വെബ്ബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കണം.

**5.** സംസ്ഥാനതലത്തിൽ ചേരുന്ന ക്ഷണിക്കപ്പെട്ടവരുടെ ആദ്യയോഗത്തിൽ സംബന്ധിക്കുന്നവരെല്ലാം അംഗങ്ങളാകുന്ന സംഘാടകസമിതിയായിരിക്കും തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക. ഈ യോഗത്തിൽവെച്ചുതന്നെ സംഘാടകസമിതിക്ക് ഒരു കൺവീനറേയും ജോയിന്റ് കൺവീനറേയും തിരഞ്ഞെടുക്കാം.

**6.** സംസ്ഥാന സംഘാടകസമിതി ചുമതലപ്പെടുത്തുന്നവർ ജില്ലാ സംഘാടകസമിതികൾ രൂപീകരിക്കും. എല്ലാ കമ്മിറ്റികൾക്കും കൺവീനർമാരും, ജോയിന്റ് കൺവീനർമാരും ഉണ്ടായിരിക്കണം.

**7.** എല്ലാതലത്തിലും തിരഞ്ഞെടുക്കപ്പെടുന്നവരുടെ കാലാവധി രണ്ട് വർഷമായിരിക്കും. ഒരു തവണ തിരഞ്ഞെടുക്കപ്പെടുന്ന കൺവീനർ, ജോയിന്റ് കൺവീനർമാർ വീണ്ടും ഉടനെ തിരഞ്ഞെടുക്കപ്പെടാൻ പാടില്ല. രണ്ട് വർഷത്തെ ഇടവേളയ്ക്കുശേഷം അവരെ വീണ്ടും തിരഞ്ഞെടുക്കാവുന്നതാണ്.

**8.** എല്ലാ തലത്തിലുള്ള സമിതികളുടേയും പ്രവർത്തനം പൂർണ്ണമായും സുതാര്യമായിരിക്കണം. എല്ലാ മിനിറ്റ്സും വെബ്ബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തണം. ഓരോ സമിതിയുടേയും തീരുമാനങ്ങൾ എടുത്തശേഷമാണ് അംഗങ്ങൾ മിനിസ്റ്റിൽ ഒപ്പിടേണ്ടത്. ഭൂരിപക്ഷതീരുമാനത്തിൽ പങ്കാളികളായവരെല്ലാം അത് നടപ്പിലാക്കുന്നതിലും പങ്കാളികളാവണം. ന്യൂനപക്ഷക്കാർക്ക് തങ്ങളുടെ ഭിന്നാഭിപ്രായം പുറത്തു വെളിപ്പെടുത്താം. നടപ്പിലാക്കുന്നതിൽനിന്ന് ഒഴിഞ്ഞുനിൽക്കുകയുമാവാം.

**9.** ഭാരവാഹികൾ ഉൾപ്പെടെ ഏതംഗത്തിനും എപ്പോൾ വേണമെങ്കിലും രാജിവെച്ച് പിരിയാനുള്ള പൂർണ്ണസ്വാതന്ത്ര്യമുണ്ട്. സംഘടനാപരമായ തടസ്സങ്ങൾ ഒന്നുമുണ്ടാവില്ല.

**10.** ഏത് ഘടകസമിതിയിലും മറ്റ് ഘടകങ്ങളിൽ നിന്നുള്ളവർക്ക് നിരീക്ഷകരായി പങ്കെടുക്കാം. പുറത്തുനിന്നുള്ളവർക്കും പത്രക്കാർക്കുമെല്ലാം പങ്കെടുക്കാം. മുൻകൂട്ടി അപേക്ഷ നൽകണമെന്നുമാത്രം. സമിതികൾക്ക് താൽപര്യമുള്ള അതിഥികളെ ക്ഷണിക്കുകയും അവരുടെ അഭിപ്രായങ്ങൾ കേൾക്കുകയുമാവാം.

**11.** എല്ലാ അംഗങ്ങളും അവരുടെ സ്വത്ത് വെളിപ്പെടുത്തിയിരിക്കണം. സംഘടനയ്ക്ക് സ്ഥാവരജംഗമ സ്വത്തുക്കൾ ഉണ്ടാവാൻ പാടില്ല. ഓഫീസ് ഉപകരണങ്ങൾ മാത്രമേ പാടുള്ളൂ. ഭൂരിപക്ഷതീരുമാനപ്രകാരം സംഘടന പിരിച്ചുവിടേണ്ടവരികയാണെങ്കിൽ ഉപകരണങ്ങളും മറ്റും വിറ്റുകിട്ടുന്ന പണം സർക്കാരിൽ അടയ്ക്കണം.

## എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി കൺവെൻഷൻ

എൻഡോസൾഫാൻ ദുരിതബാധിതരുടെ കൃത്യമായ കണക്കുകൾ ലഭിക്കുന്നതിന് സെൻസസ് മാതൃകയിലുള്ള സർവ്വെ നടത്തുക, മുഴുവൻ രോഗികൾക്കും ചികിത്സ ലഭിക്കാൻ ആവശ്യമായ പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുക, ദുരിതബാധിതരുടെ കുടുംബത്തിന് അടിയന്തിര സഹായമായി ഒരുലക്ഷം രൂപ അനുവദിക്കുക, ഗോഡൗണുകളിൽ സൂക്ഷിച്ച എൻഡോസൾഫാൻ നീക്കം ചെയ്ത് നിർവീര്യമാക്കുക, പി.സി.കെ ഭൂമി ദുരിന്ത ബാധിതർക്കും തൊഴിലാളികൾക്കും ആദിവാസികൾക്കും പതിച്ചു നൽകുക, ട്രിബ്യൂണൽ സ്ഥാപിക്കുക, മണ്ണിനേയും ജീവനേയും തിരിച്ചുപിടിക്കാനുള്ള ശാസ്ത്രീയവും ഫലപ്രദവുമായ മാർഗ്ഗങ്ങൾ സ്വീകരിക്കുക, കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരിക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി പ്രവർത്തക കൺവെൻഷൻ സംഘടിപ്പിക്കുന്നു. ജൂലായ് 31 ഞായറാഴ്ച രാവിലെ 9 മുതൽ വൈകീട്ട് 5 വരെ കാഞ്ഞങ്ങാട് പി. സ്മാരകത്തിൽ വച്ചാണ് കൺവെൻഷൻ. ബന്ധങ്ങൾക്ക്: അമ്പലത്തറ കുഞ്ഞികൃഷ്ണൻ, 9946722979

### ജനസത്യാഗ്രഹ 2012

പ്രകൃതിവിഭവങ്ങൾക്ക് മേലുള്ള ജനങ്ങളുടെ അധികാരം പുനസ്ഥാപിക്കുന്നതിനായി ഏകതാപരിഷത്ത് ജനസത്യാഗ്രഹ മുന്നേറ്റം സംഘടിപ്പിക്കുന്നു. 2012 ഒക്ടോബർ 2ന് ഗ്വാളിയോറിൽ നിന്നും ഡൽഹിയിലേക്ക് നടത്തുന്ന പദയാത്രയോടെയാണ് ജനസത്യാഗ്രഹ മുന്നേറ്റം ആരംഭിക്കുന്നത്. മുന്നേറ്റത്തിൽ പങ്കെടുക്കുന്നതിന് ബന്ധപ്പെടുക:
പി. സുരേഷ്ബാബു, 938752930

### വൈവാഹികം

വിവാഹജീവിതം ആഗ്രഹിക്കുകയും എന്നാൽ സ്ത്രീധനം കൊടുക്കാൻ നിവർത്തിയില്ലാത്തതുകൊണ്ട് വിവാഹം നടക്കാതിരിക്കുകയും ചെയ്യുന്ന രണ്ട് നിർധന മുസ്ലീം യുവതികൾ മുസ്ലീം വരന്മാരെ തേടുന്നു.
ബന്ധങ്ങൾക്ക്: 9400581955